**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6211** **10-07-2024 - ൽ മറുപടിയ്ക്ക്**

**ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് വനഭൂമി വിട്ടുകിട്ടുന്നതിനായി യൂസർ ഏജൻസിയായ മൈനർ ഇറിഗേഷൻ ഡിവിഷൻ പരിവേഷ് പോർട്ടലിൽ FP/KL/Pipeline/415610/2023 നമ്പർ പ്രകാരം 23/01/2023 ന് അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൻമേൽ 16.02.2024 ൽ സ്റ്റേജ്-1 അനുമതി ലഭ്യമായിട്ടുണ്ട്. ആയതിലെ നിബന്ധന പ്രകാരം കോമ്പൻസേറ്ററി ലെവീസ് അടയ്ക്കുന്നതിന് യൂസർ ഏജൻസിയോട് 20.06.2024 ന് പരിവേഷ് പോർട്ടൽ മുഖേന ആവശ്യപ്പെട്ടിരുന്നു. എന്നാൽ യൂസർ ഏജൻസിയായ മൈനർ ഇറിഗേഷൻ ഡിവിഷൻ കോമ്പൻസേറ്ററി ലെവീസ് നാളിതുവരെ ഒടുക്കിയിട്ടില്ലാത്തതിനാൽ പ്രോപ്പോസൽ നിലവിൽ യൂസർ ഏജൻസിയിൽ പെൻഡിംഗാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | യൂസർ ഏജൻസി കോമ്പൻസേറ്ററി ലെവീസ് അടയ്ക്കുന്ന മുറയ്ക്ക് സ്റ്റേജ് - 2 (അന്തിമ അനുമതി) ലഭ്യമാക്കുന്നതിനുള്ള നടപടികൾ, വന സംരക്ഷണ നിയമത്തിലെ നിബന്ധനകൾക്ക് വിധേയമായി സ്വീകരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ